"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്-സംസ്ഥാന ദുരന്ത പ്രതികരണനിധി 2024-25 കാസറഗോഡ് ജില്ലാകളക്ടർക്ക് തുക അനുവദിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.838/2024/DMD    തീയതി,തിരുവനന്തപുരം, 11-11-2024

---

പരാമർശം:-    കാസറഗോഡ് ജില്ലാകളക്ടറുടെ 19/10/2024 ലെ ഡിസികെഎസ് ജിഡി/7628/2024-കെ2 നമ്പർ കത്ത്

**ഉത്തരവ്**

കാസറഗോഡ് ജില്ലയിൽ കടലിൽ രക്ഷാപ്രവർത്തനം നടത്തേണ്ട സന്ദർഭങ്ങളും നാവിക സംഘത്തിന്റെ സഹായവും അടിയന്തിരമായി ആവശ്യപ്പെടേണ്ട സാഹചര്യം കൂടി വരുന്നതിനാൽ കാസറഗോഡ് ജില്ലയ്ക്ക് 'Search and Rescue Operations' നായി 2245-02-112-99-Flood-Evacuation of Population എന്ന ശീർഷകത്തിൽ നിന്ന് 5 ലക്ഷം രൂപ അനുവദിക്കണമെന്ന് കാസറഗോഡ് ജില്ലാകളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിൽ കടലിൽ രക്ഷാപ്രവർത്തനം നടത്തേണ്ട സന്ദർഭങ്ങളും നാവിക സംഘത്തിന്റെ സഹായവും അടിയന്തിരമായി ആവശ്യപ്പെടേണ്ട സാഹചര്യം കൂടി വരുന്നതിനാൽ കാസറഗോഡ് ജില്ലയ്ക്ക് 'Search and Rescue Operations' നായി 2245-02-112-99-Flood-Evacuation of Population എന്ന ശീർഷകത്തിൽ നിന്ന് 5 ലക്ഷം രൂപ അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,കാസറഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 11-11-2024 16:45:22

സെക്ഷൻ ഓഫീസർ